**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Directorate of Technical Education, Govt. of Kerala
HMT Junction, Kalamassery, Kochi – 683 104
*E-mail: sitttr@gmail.com*
***Phone: 0484 2542355*** Web: www.sitttrkerala.ac.in

No. SITTTR/100/2025 Date: 21.07.2025

## പരിപത്രം

**ഡിപ്ലോമ പ്രവേശനം – സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷൻ നിലവിലെ ഒഴിവുകൾ നികത്തുന്നതിനായി പുതിയ അപേക്ഷകൾ സ്വീകരിച്ച് 28/07/25 മുതൽ 01/08/25 വരെയുള്ള തീയതികളിൽ പ്രവേശനം നൽകുന്നതിനു സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ**

സൂചന: GO(Rt) No. 612/2025/HEdn, Thiruvananthapuram dated 17/05/2025 .

2025-26 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ്/ Govt Cost sharing(IHRD/CAPE/)/ സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷൻ **28/07/2025 മുതൽ 01/08/2025** വരെ അതാത് സ്ഥാപനങ്ങളിൽ വച്ച് നടത്തുന്നതാണ്. നിലവിൽ ഇതു വരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക് **22/07/2025 മുതൽ** ഓൺലൈനായോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

1. പുതുതായി അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഫീസടച്ച് One Time Registration പ്രക്രിയ പൂർത്തിയാക്കിയതിനു ശേഷം Candidate login വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ One Time Registration പ്രക്രിയ പൂർത്തിയാക്കി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക് പുതിയ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല.
2. പുതുതായി അപേക്ഷ സമർപ്പിക്കുന്നവർ ഒഴിവുകൾ നിലവിലുള്ള സ്ഥാപനങ്ങളിലെ ഓപ്ഷനുകൾ മാത്രം തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
3 . റാങ്ക് ലിസ്റ്റിൽ പേരുള്ള എല്ലാ അപേക്ഷകർക്കും വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. പുതിയ അപേക്ഷകൾ സ്പോട് അഡ്മിഷൻ തുടങ്ങുന്നതിനു മുൻപ് വരെ സമർപ്പിക്കാൻ അപേക്ഷകർക്ക് സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്. അത്തരം അപേക്ഷകൾ റീ-റാങ്കിങ്ങ് ചെയ്ത് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. പുതിയതായി സമർപ്പിച്ച അപേക്ഷകൾ എന്തെങ്കിലും കാരണത്താൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ റീ-റാങ്കിങ്ങ് ചെയ്ത് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.
5. നിലവിൽ പോളിടെക്നിക് കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പോ, ഫീസ് അടച്ച രസീതോ ഹാജരാക്കിയാൽ മതിയാകും. സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പും, അഡ്മിഷൻ സ്ലിപ്പോ ഫീസ് അടച്ചതിന്റെ രസീതോ അഡ്മിഷൻ ലഭിച്ചതിന്റെ രേഖകളോ ഹാജരാക്കേണ്ടതാണ്.
6 . ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ അപേക്ഷകനും രക്ഷകർത്താവും ഒപ്പിട്ട പ്രോക്സി ഫോം (അനെക്സർ XIII) ഹാജരാക്കേണ്ടതാണ്. അപേക്ഷകൻ നിർദേശിക്കുന്ന പ്രോക്സിയാണ് ഹാജരാകുന്നതെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ

(അപേക്ഷകൻ സാക്ഷ്യപ്പെടുത്തിയത്) സഹിതം ഹാജരാകേണ്ടതാണ്. എന്നാൽ അപേക്ഷകൻ നേരിട്ട് ഹാജരാകുന്ന സ്ഥാപനത്തിൽ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

7. പ്രസിദ്ധീകരിച്ചിരിക്കുന്ന സ്പോട്ട് അഡ്മിഷൻ സമയക്രമമനുസരിച്ച് ഓരോ ദിവസവും ഹാജരാകുന്ന അപേക്ഷകരെ ഉൾപ്പെടുത്തി Day Registration നടത്തേണ്ടതും അതു പ്രകാരം ലഭിക്കുന്ന റാങ്ക് ലിസ്റ്റിന്റെ ക്രമത്തിൽ വിവിധ സംവരണ തത്വങ്ങൾ പാലിച്ചായിരിക്കണം അഡ്മിഷൻ പ്രക്രിയ പൂർത്തിയാക്കേണ്ടത്.

8. ഓരോ ദിവസവും സ്പോട്ട് അഡ്മിഷൻ തുടങ്ങുന്നതിനു മുൻപ് സ്ഥാപനങ്ങൾ തങ്ങളുടെ Vacancy Position "REBUILD" ചെയ്യേണ്ടതും Detailed Vacany Report പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ, Spot Admission settings ലെ **Push Ups Enabled** എന്ന ഓപ്ഷൻ **"ON"** ആണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

9. സ്പോട്ട് അഡ്മിഷൻ സമയത്ത് അപേക്ഷകനു അപ്പോൾ ലഭ്യമായ കോളേജും ബ്രാഞ്ചും സ്വീകാര്യമെങ്കിൽ മുഴുവൻ ഫീസടച്ച് അഡ്മിഷൻ എടുക്കാവുന്നതാണ്. ഫീസടച്ച് അഡ്മിഷൻ എടുക്കാത്ത അപേക്ഷകന്റെ അഡ്മിഷൻ റദ്ദാക്കപ്പെടുന്നതും തൊട്ടടുത്ത അപേക്ഷകനു നൽകുന്നതുമായിരിക്കും. അഡ്മിഷൻ ലഭിക്കുന്ന അപേക്ഷകർക്ക് എല്ലാ സ്ഥാപനങ്ങളും നിർബന്ധമായും **Admission Slip** നൽകേണ്ടതാണ്.

10. അപേക്ഷകനു ടി സി, സി സി ഹാജരാക്കുവാൻ സമയം അനുവദിക്കുന്നതാണ്.

11. സ്പോട്ട് അഡ്മിഷനു ഹാജരാകേണ്ട സമയക്രമം അഡ്മിഷൻ പോർട്ടലിൽ ലഭ്യമാകുന്നതാണ്. പോർട്ടലിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് ബന്ധപ്പെട്ട പോളിടെക്നിക് കോളേജിൽ ഹാജരാകേണ്ടതാണ്. സമയക്രമത്തിൽ ഒരു മാറ്റവും അനുവദിക്കുന്നതല്ല.

12. നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്ക് പുതുതായി ലഭിക്കുന്ന അപേക്ഷകൾ കൂടി ഉൾപ്പെടുത്തി ലഭിക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടത്. പുതുതായി അപേക്ഷകൾ സ്വീകരിക്കുന്നതിനാൽ നിലവിലെ സംവരണാടിസ്ഥാനത്തിലുള്ള ഒഴിവുകൾ മറ്റു ക്വാട്ടകളിലേയ്ക്ക് മാറ്റാൻ പാടില്ലാത്തതും അത്തരം ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും സ്പോട്ട് അഡ്മിഷൻ വഴി നികത്തേണ്ടതുമാകുന്നു.

13. സ്പോട്ട് അഡ്മിഷൻ സമയക്രമം ബന്ധപ്പെട്ട സ്ഥാപനങ്ങൾ അഡ്മിഷൻ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

14. ഒരു അപേക്ഷകൻ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടിയാൽ അവസാനം നേടിയ അഡ്മിഷൻ മാത്രമേ നിലനിൽക്കുകയുള്ളൂ അതിനുമുൻപ് നേടിയ അഡ്മിഷൻ സ്വമേധയാ റദ്ദാകുന്നതാണ്. ആയതിനാൽ ഒന്നിൽകൂടുതൽ സ്ഥാപനങ്ങളിൽ പങ്കെടുക്കുന്നവർ അവരുടെ അഡ്മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.

15. ഗവ./എയ്ഡഡ് / Govt. cost sharing (IHRD/CAPE)/ സ്വാശ്രയ കോളേജുകളിലെ മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം നിർബന്ധമായും ജാതി സംവരണാടിസ്ഥാന തത്വങ്ങൾ പാലിച്ചു കൊണ്ടായിരിക്കണം. പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ നിബന്ധനകളും കൃത്യമായി പാലിക്കേണ്ടതാണ്.

16. സ്വാശ്രയ കോളേജുകളിലെ മെറിറ്റ് സീറ്റുകൾ യാതൊരു കാരണവശാലും മാനേജ്മെന്റ് ക്വാട്ടയിലേയ്ക്കു മാറ്റാൻ പാടില്ലാത്തതാകുന്നു. സ്വാശ്രയ കോളേജുകളിലെ മുഴുവൻ (മെറിറ്റ്, മാനേജ്മെന്റ്) സീറ്റുകളിലേക്കുള്ള ഓരോ അഡ്മിഷനുമായി ബന്ധപ്പെട്ട രേഖകൾ ഈ ഓഫീസിലെ പരിശോധനയ്ക്കായി ആവശ്യപ്പെടുന്ന സമയം ഹാജരാക്കേണ്ടതാണ്.

17. പ്രവേശനം സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ ഈ ഓഫീസുമായി ബന്ധപ്പെട്ടതിനു ശേഷം മാത്രമേ തീരുമാനം എടുക്കാൻ

പാട്ടുള്ളൂ.

18. അപേക്ഷാ ഫോറത്തിൽ പ്രതിപാദിക്കാത്ത അവകാശങ്ങൾ സ്പോട്ട് അഡ്മിഷൻ സമയത്ത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

19. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഇനിയുള്ള എല്ലാ സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷനുകൾക്കും ബാധകമായിരിക്കും.

20. മേൽപറഞ്ഞ രീതിയിലുള്ള ഡിപ്ലോമ പ്രവേശന പ്രക്രിയ 01/08/2025 ന 5pm ന മുൻപ് പൂർത്തീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

**Signed by Cinimole K G**
**Date: 21-07-2025 17:24:04**